"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ സമ്പ്രദായം - വാർഷിക പദ്ധതി 2025-26 - "ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്ക്കരണവും" - ഭരണാനുമതി നൽകിയ ഉത്തരവിലെ ക്രമ നം. 8 സ്പെഷ്യാലിറ്റി യൂണിറ്റുകൾ എന്നതിലെ 3-ാമത്തെ ഇനമായി "മാനസികം" പദ്ധതിയിലെ മാനവശേഷി പുനക്രമീകരിച്ച് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.213/2026/AYUSH തീയതി,തിരുവനന്തപുരം, 30-03-2026

---

പരാമർശം:-
1. സ.ഉ (സാധാ) നം. 275/2025/ആയുഷ് തീയതി 28/5/2025
2. 27/09/2025, 22/01/2026 തീയതിയിലെ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ഡിഐഎസ്എം/760/2025/ബി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവൽകരണവും" എന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 2108.00 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 1829.49702 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ക്രമ നം. 8 സ്പെഷ്യാലിറ്റി യൂണിറ്റുകൾ എന്നതിലെ 3-ാമത്തെ ഇനമായി "മാനസികം" പദ്ധതിയിൽ മാനവശേഷി ഒരു യൂണിറ്റിന് മെഡിക്കൽ ഓഫീസർ-1 അറ്റൻഡർ 1 എന്നിങ്ങനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) പരാമർശം (2) കത്ത് പ്രകാരം പ്രസ്തുത ഭരണാനുമതി ഉത്തരവിൽ മേൽ പ്രോജക്ടിൽ പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ മെഡിക്കൽ ഓഫിസറെ നിയമിക്കുന്നത് നാഷണൽ ആയുഷ് മിഷനിൽ നിന്നുമാണെന്നും, അവിടങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മെഡിക്കൽ ഓഫിസർമാരെ നിയമിച്ചിട്ടുണ്ടെന്നും, കൂടാതെ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജരുമായി ഭാരതീയ ചികിത്സാ വകുപ്പ് മേധാവി നടത്തിയ കൂടിക്കാഴ്ചയിൽ പാലക്കാട് ജില്ലയിലും മെഡിക്കൽ ഓഫീസറെ നാഷണൽ ആയുഷ് മിഷനിൽ നിന്നും നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും അതിനാൽ മെഡിക്കൽ ഓഫീസർമാരുടെ വേതന ഇനത്തിൽ രേഖപ്പെടുത്തിയ തുകയിൽ അധികരിക്കാതെ ക്രമ നം. 8 സ്പെഷ്യാലിറ്റി യൂണിറ്റുകൾ എന്നതിലെ 3-ാമത്തെ ഇനമായി "മാനസികം" പദ്ധതിയിലെ പാലക്കാട് ജില്ലയിൽ ഉൾപ്പെടുത്തിയ മെഡിക്കൽ ഓഫീസർ തസ്തിക പത്തനംതിട്ട ജില്ലയിലേക്ക് മാറ്റി പരാമർശം (1) ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ

മെഡിക്കൽ ഓഫീസർമാരുടെ വേതന ഇനത്തിൽ രേഖപ്പെടുത്തിയ തുകയിൽ അധികരിക്കാതെ ക്രമ നം. 8 സ്പെഷ്യാലിറ്റി യൂണിറ്റുകൾ എന്നതിലെ 3-ാമത്തെ ഇനമായി "മാനസികം" പദ്ധതിയിലെ പാലക്കാട് ജില്ലയിൽ ഉൾപ്പെടുത്തിയ മെഡിക്കൽ ഓഫീസർ തസ്തിക പത്തനംതിട്ട ജില്ലയിലേക്ക് മാറ്റി പരാമർശിത ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഭേദഗതിയോടെ മാത്രം പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ് (ഫയൽ നം.എ2/28/2026/ആയുഷ് പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Jayaprakash. K. J**
**Date: 30-03-2026 19:40:38**
സെക്ഷൻ ഓഫീസർ